# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വല്ലച്ചിറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksatsr(p15)/874/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയതി: 02/07/2021
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വല്ലച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.

3) കാര്യാലയ പകർപ്പ്.

നമ്പർ: ksatsr(p15)/874/21 തീയ്യതി: 02/07/2021

# തൃശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2020 മുതൽ 17-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 29-06-2021 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 29-06-2021 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സീനത്ത്.പി.എ.,ഓഡിറ്റ് ഓഫീസർ

സ്റ്റാൻലി.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

വിദ്യ.ഒ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ജിജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
രഞ്ജിത്ത്.പി.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി. ഉമ ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 01-04-2019 | 10-07-2019 |
| ഡോ.ബിന്ദു ടി.എൻ | സെക്രട്ടറി | 11-07-2019 | 22-12-2019 |
| പ്രേമചന്ദ്രൻ കെ.ബി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-12-2019 | 02-01-2020 |
| ഡോ.ബിന്ദു ടി.എൻ | സെക്രട്ടറി | 03-01-2020 | 31-03-2020 |
| സോഫി ഫ്രാൻസിസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിത സി.ആർ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശുഭ പി.വി. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ഡോ.ബിജു കെ.ആർ. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.മായാ റോഷ്നി എ.ആർ. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.ജെറി തോമാസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ജെസ്സി വി.എ. | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്. | 01-04-2019 | 31-03-2020 |
| രഞ്ജിത്ത് കെ.ആർ. | വി.ഇ.ഒ. (ആറാട്ടുപുഴ) | 01-04-2019 | 31-03-2020 |
| ശരത്ത് മോഹൻ | വി.ഇ.ഒ. (വല്ലച്ചിറ) | 01-04-2019 | 31-03-2020 |
| രതി കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഷീല ടി.ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തികവിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 8 | ക്ഷേമപെൻഷനുകൾ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-11-1 |
| 12 | വസ്തുനികുതി(റെസിഡൻഷ്യൽ) - വാർഷിക കണക്കും ഡി.സി.ബിയും പൊരുത്തപ്പെടുന്നില്ല. | 1-11-2 |
| 13 | വസ്തുനികുതി (നോൺ- റെസിഡൻഷ്യൽ)- വാർഷിക കണക്കും ഡി.സി.ബിയും പൊരുത്തപ്പെടുന്നില്ല. | 1-11-3 |
| 14 | വസ്തുനികുതി -റെസിഡൻഷ്യൽ(കുടിശ്ശിക) - വാർഷിക കണക്കും ഡി.സി.ബിയും പൊരുത്തപ്പെടുന്നില്ല. | 1-11-4 |
| 15 | വസ്തുനികുതി- നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക) - വാർഷിക കണക്കും ഡി.സി.ബിയും പൊരുത്തപ്പെടുന്നില്ല. | 1-11-5 |

| | | |
|---|---|---|
| 16 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-വാർഷിക കണക്കും ഡി.സി.ബിയും പൊരുത്തപ്പെടുന്നില്ല. | 1-11-6 |
| 17 | വസ്തുനികുതി- ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നില്ല | 1-11-7 |
| 18 | "Prior Period Items" -വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. | 1-11-8 |
| 19 | ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. | 1-11-9 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-11-10 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പൊരുത്തപ്പെടുന്നില്ല. | 1-11-11 |
| 22 | ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റുകളോ വൗച്ചറുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-11-12 |
| 23 | Capital Work In Progress -രേഖകൾ ലഭ്യമാക്കിയില്ല. | 1-11-13 |
| 24 | ഇൻവെസ്റ്റ്മന്റ് രസീതികൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-11-14 |
| 25 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-11-15 |
| 26 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-11-16 |
| 27 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-11-17 |
| 28 | Beneficiary Contribution - ബാധ്യതാശീർഷകത്തിൽ നിലനിൽക്കുന്നു. | 1-11-18 |
| 29 | വരുമാനത്തിലേയ്ക്ക് ക്രമീകരിക്കാത്തതിനാൽ വാർഷിക കണക്കിൽ ബാധ്യതായിനത്തിൽ തുക കൂടുതലായി കാണിക്കുന്നു. | 1-11-19 |

| | | |
|---|---|---|
| 30 | റി കൺസിലിയേഷൻ പത്രിക- അപാകതകൾ | 1-11-20 |
| 31 | തൊഴിൽ നികുതി അപാകതകൾ | 1-12 |
| 32 | ലേലം അപാകതകൾ | 1-13 |
| 33 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ | 1-14 |
| 34 | വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു.- പെർമിറ്റില്ലാതെ വാസഗൃഹങ്ങളും വ്യാപാരസ്ഥാപനങ്ങളും നിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 1-15 |
| 35 | വസ്തുനികുതി - വേക്കൻസി റമിഷൻ രജിസ്റ്റർ, വിമുക്തഭടന്മാരുടെ വസ്തുനികുതിയിളവ് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-16 |
| 36 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി - പൂർത്തീകരണ വിവരം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 37 | വെള്ളക്കരം അടവാക്കൽ- സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 1-18 |
| 38 | മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-19 |
| 39 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ | 1-20 |
| 40 | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 41 | പ്രൊജക്ട് നമ്പർ - 141/21 (സ്പിൽ ഓവർ)- മുച്ചക്രവാഹനം- വാഹനം ഗുണഭോക്താവിന് കൈമാറിയില്ല. | 1-22 |
| 42 | വൈകി പൂർത്തീകരിച്ച പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. | 1-23 |
| 43 | കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫ് -കളക്ഷൻ ചാർജ്ജ് പിടിക്കാതെ തുക നൽകി. | 1-24 |

| | | |
|---|---|---|
| 44 | വീട് പുനരുദ്ധാരണത്തിന് മുൻകൂർ തുക അനുവദിച്ചെങ്കിലും പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല. | 1-25 |
| 45 | ജി.എസ്.ടി.ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. | 1-26 |
| 46 | ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി-തുക തടസ്സപ്പെടുത്തുന്നു | 1-27 |
| 47 | പുഞ്ചിരി പാലം റോഡ് -വാർഡ്-1-അപാകതകൾ | 1-28 |
| 48 | വല്ലച്ചിറ അമ്പലപറമ്പ് (പോത്തോട്ടപറമ്പ്)കാന നിർമാണം വാർഡ് -13 -നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-29 |
| 49 | സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. | 1-30 |
| 50 | പ്രളയ ബാധിത പ്രദേശങ്ങൾക്ക് ലഭ്യമായ ഫണ്ട് ചെലവഴിച്ചിട്ടില്ല. | 1-31 |
| 51 | ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്- ഹരിത കർമ്മസേനയുടെ പ്രവർത്തനം സ്വയംപര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

പഞ്ചായത്ത് ജനറൽ കമ്മറ്റി തീയതിയിലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ [illegible]
08.02.19 തീയതിയിലെ 1 -ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവ് 1313[illegible]
രൂപയും ചെലവ് 14477609/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 09.06.2020 |

## 1-3 സാമ്പത്തികവിശകലനം

(സംക്ഷിപ്ത വിവരം)

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 20386384 |
| ഓഡിറ്റ് വർഷത്തെ വരവ് | 53404377 |
| ആകെ | 73790761 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 48201692 |
| നീക്കിയിരിപ്പ് | 25589069 |
| വരവിനങ്ങളിലെ നഷ്ടം | - |

| | |
|---|---|
| | |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | ക |
|---|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | ഇല്ല | 12058765 | 12058765 | 6742471 | 5316294 | |
| 2 | വികസനഫണ്ട് (എസ് സി പി) | ഇല്ല | 9665471 | 9665471 | 6797595 | 2867876 | |
| 3 | വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 49000 | 49000 | 0 | 49000 | |
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) | ഇല്ല | 7271293 | 7271793 | 3486819 | 3784974 | |
| 5. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ഇല്ല | 7662000 | 7662000 | 6623011 | 1038989 | |
| 6. | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | ഇല്ല | 3374000 | 3374000 | 2859184 | 514816 | |
| 10 | കേന്ദ്രാവിഷ്കൃത പദ്ധതികൾ സമ്പൂർണശുചിത്വം | 343158 | 117586 | 460744 | 117586 | 343158 | |
| 11 | ഐ.സി.ഡി.എസ് | 0 | 710464 | 710464 | 185866 | 524598 | |
| [illegible] | കേരളോത്സവം | 7800 | 20000 | 27800 | 20000 | 7800 | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരംലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 199 | 64453957 | 118 | 33427550 | 24 | 57 | 59.29% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1118310 | 1118310 | 674500 | 443810 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16297870 | 16297870 | 16297870 | 0 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2021 തിയതിയിൽ 3.20 Pm- ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1696 /- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 900 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 1670400 | 561 |
| വിധവാ പെൻഷൻ | 6132000 | 2079 |
| വാർദ്ധക്യകാലപെൻഷൻ | 8847900 | 2951 |
| വികലാംഗപെൻഷൻ | 1338500 | 445 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 876600 | 298 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-9 ആഭ്യന്തര നിയന്ത്രണം

1)പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) 7/2017/തസ്വഭവ.തിയതി 29.3.2017 ലെ ഖണ്ഡിക പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്.എന്നാൽ വർക്കിങ് മിനിട്സ് പരിശോധിച്ചതിൽ ഇത്തരം മോണിറ്ററിങ് നടത്തിയതായി കാണുന്നില്ല.ആകെ രണ്ട് വർക്കിങ് ഗ്രൂപ്പ

മാത്രമാണ് കൂടിയിട്ടുള്ളത് വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സ് ക്ലോസ്സ് ചെയ്യുന്നില്ല.
ദുരിതാശ്വാസനിധി ഫണ്ട് സജീവമാക്കേണ്ടതാണ്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 03.11.20 | മാർച്ച് 2020 | 05.04.2021 |
| അക്കൗണ്ടന്റ് ജനറൽ | 18.12.2020 | 2015-16 To 19-20 | 17.02.2021 |

## 1-11-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-11-2 വസ്തുനികുതി(റെസിഡൻഷ്യൽ) - വാർഷിക കണക്കും ഡി.സി.ബിയും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ് ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സ സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും, ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയി വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സം തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും ത പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജി പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**തൻവർഷം**

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ (ക്രമീകരിച്ചത്) | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 21,99,210 | 21,84,846 | 21,853 | 4,194 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 21,99,210<br>(ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട് ഷെഡ്യൂൾ ഐ-1) | 21,73,163<br>(റസീറ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂൾ ആർ.പി-43) | 21,853<br>( 350410101- Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | 4,194<br>*(4,404/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

# 1-11-3 വസ്തുനികുതി (നോൺ- റെസിഡൻഷ്യൽ)- വാർഷിക കണക്കും ഡി.സി.ബിയും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ (ക്രമീകരിച്ചത്) | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 11,63,076 | 11,11,843 | 13,847 | 39,051 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 11,63,076<br>(ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട് ഷെഡ്യൂൾ ഐ-1) | 11,10,682<br>(റസീറ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂൾ ആർ.പി-43) | 13,343<br>( 350410104- Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *39,051<br>*(41006/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ചു |

| | | | | |
|---|---|---|---|---|
| | | | | സഖ്യയിലെ തുക എടുക്കുന്നു |

## 1-11-4 വസ്തുനികുതി -റെസിഡൻഷ്യൽ(കുടിശ്ശിക) - വാർഷിക കണക്കും ഡി.സി.ബിയും പൊരുത്തപ്പെടുന്നില്ല.

കുടിശ്ശിക -റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഖ്യ" സോഫ്റ്റ്‌വെയർ പ്രകാരം | 25,164 | Nil | 25,164 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 25,164 | Nil | 25,164 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (4404+22020=26424/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (26424/105X100)=...... |

## 1-11-5 വസ്തുനികുതി- നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക) - വാർഷിക കണക്കും ഡി.സി.ബിയും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഖ്യ" സോഫ്റ്റ്‌വെയർ പ്രകാരം | 2,06,858 | Nil | 2,06,858 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *2,06,858 | Nil | *2,06,858 |
| | 2018-19 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (Arrear+Current) (41006+176210=217216)/105*100ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് | (റസീറ്റ് & പേയ്മെന്റ് പത്രിക | ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി |

| | | | |
|---|---|---|---|
| | തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു | ഷെഡ്യൂൾ ആർ.പി-43) | പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-11-6 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-വാർഷിക കണക്കും ഡി.സി.ബിയും പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ലഭിച്ചിട്ടുള്ളത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | [illegible] |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 1,11,839 | 1,260 | 1,13,099 | 1,10,979 | - | 1,10,979 | 1,108 | | 210 | 1,260 | [illegible] |
| | നോൺ-റെസിഡൻഷ്യൽ | 59,213 | 10,338 | 69,551 | 55,886 | - | 55,886 | 912 | | 1,955 | 10,558 | [illegible] |
| | ആകെ | | | 1,82,678 | | | 1,66,865 | | | 15,783 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 1,82,670 | | | 1,66,286 | | | | 1,68,887 | 15,783 | | |
| | | 11,618+1,71,052 = 1,82,670(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15,431910101 - State Govt. Cess/Levies..... ലെഡ്ജർ 2019—20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂൾ ആർ.പി-16(വരവ്)) | | | | (431910101 - State Govt Cess/Levies.... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,66,286രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1,66,865 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "43191010... Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല. മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 1,68,887 രൂപയാണ്.(വൌച്ചർ 41900229 തീ .31.03.20)

## 1-11-7 വസ്തുനികുതി- ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നില്ല

01/04/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതി ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 17(2) പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് ക ചെയ്യൽ/എഴുതി തള്ളൽ,ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ 2019-20 വർഷ New Building Register പ്രകാരം 196 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2019-20 ലെ "110100101-P Tax On Residential Buding"എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം 2019-20 വർഷത്തെ ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത് 11/11/2019 നാണ്. സഞ്ചയ ഡിമാന്റിനോട് പൊരുത്തപ്പെടുത്തുന്നതിനായി ഡിമാന്റ് വർദ്ധിപ്പിക്കുന്നതിന് 15/02/2020 ന് രണ്ട് എൻട്രികൾ രേഖപ്പെടുത്തിയിട്ടുണ്ട്. "110100103-Property Tax On Non Residential Bu എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 11/11/2019 ( രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സേ വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്ക രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിന നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ല പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് ത രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നട ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറു അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## <u>1-11-8 "Prior Period Items" -വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങള സൂക്ഷിച്ചിട്ടില്ല.</u>

i) തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 20,283രൂപ കാഷ് ആ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാ തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മു വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു ( വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധ വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചു ചേർക്കുന്നു.

1.റെസിഡൻഷ്യൽ

| ശീർഷകം | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 350410101 | 41900224 | 31/03/20 | 1,369 |
| 350410101 | 41900226 | 31/03/20 | 83,203 |

2.നോൺ-റെസിഡൻഷ്യൽ

| ശീർഷകം | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 350410104 | 41900225 | 31/03/20 | 1,161 |
| 350410104 | 41900227 | 31/03/20 | 23,330 |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഷെ-18) പ്രകാരം "28000000-Prior Period Item" എന്ന ശീർഷകത്തി ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനം ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്ക വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസ ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 84,572 |
| 280100104-Prior Period Income --Property Tax On Non-Residential Buildings | 24,491 |
| 280200401-Prior Period Income-Other Incomes | (126797) |
| 280800201-Prior Period Expenses- Administrative Expenses | (649) |
| 280800501-Prior Period Income-Programme Expenses | (3,03,000) |
| 280800701-Prior Period-Miscellaneous Expenses | 19,71,855 |

## 1-11-9 ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തി വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ

വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടു സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്ന പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടി പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നത നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾ ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-11 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതക ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 52,02,685 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generate Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,16,98,633രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർ സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-12 ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റുകളോ വൗച്ചറുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

2019-20 വർഷത്തെ Income And Expenditureപത്രിക I-17(A), വർക്ക് ഷീറ്റ് എന്നിവ പ്രകാരം ആസ്തികളുടെ തൻവർഷ ഡിപ്രിസിയേഷൻ ആകെ 11,45,309/- രൂപയായി കണക്കാക്കിയിട്ടുണ്ട്. എന്നാൽ അതിന് പുറമെ 280000701-Prior I Miscellaneous Expenses എന്ന ശീർഷകത്തിലെ ജേണൽ എൻട്രികൾ മുഖേന താഴെ പറയുന്ന ആസ്തികളെ വർദ്ധിപ്പിച്ചിട്ടു ടി ജേണൽ എൻട്രികൾക്ക് ഉപോദ്ബലകമായ വർക്ക്ഷീറ്റുകളോ വൗച്ചറുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ശീർഷകം | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 411200101- Accumulated Depreciation- Buildings | 41900294 | 31/03/20 | 16,06,764 |

| | | | |
|---|---|---|---|
| 411600101- Accumulated Depreciation- Office & Other Equipments | 41900295 | 31/03/20 | 3,43,441 |
| 411700101- Accumulated Depreciation- Office & Other Equipments | 41900296 | 31/03/20 | 21,650 |

A) 31/3/2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410710103- Movable Assets- Office Equipments & Other Equipmentsഎന്ന ആസ 6,47,750രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2020ലെ Accum Depreciation 10,56,111രൂപയാണ്.

B) ബാലൻസ് ഷീറ്റ് പ്രകാരം Movable Assets-Vehicles എന്ന ശീർഷകത്തിന്റെ ആസ്തി മൂല്യവും തേയ്മാനവും 1 രൂപയ ആയതിനാൽ ടി ആസ്തിയുടെ മൂല്യം പൂജ്യമായിരിക്കുന്നു.

ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ശ ശീർഷകങ്ങളിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി 2020-21വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-11-13 Capital Work In Progress -രേഖകൾ ലഭ്യമാക്കിയില്ല.

31/3/2020ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 13,23,101രൂപ യാണ്. ആയതിന്റെ കൃത്യത ഉറപ്പാക്കുന്നതിന് രേഖകൾ ലഭ്യമാക്കിയില്ല.

## 1-11-14 ഇൻവെസ്റ്റ്മെന്റ് രസീതികൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 412 പ്രകാരം 9,300- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റ് രസീതിക ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-15 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2019-20 വർഷത്തെ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11-16 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിന് താഴെ പറയുന്ന ഇനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| ക്രമനമ്പർ | ശീർഷകം | 31-03-20 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | 320100201-Grants, Funds & Contributions For Specific Purposes-Other Central Govt.Grants- Drinking Water | 86,600/- |
| 2 | 320200305- Grants, Funds & Contributions For Specific Purposes-Other Than Development Fund And State Sponsored | 1,24,779/- |
| 3 | 320200309- Literacy Scheme Grant | 4,698/- |
| 4 | 320700405- Contribution For Other Specific Purpose (Revenue Expenditure)- Dist. Panchayath | 33,800/- |
| 5 | 320900299- Other Awards From State Govt. | 21,855/- |

## 1-11-17 രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

Sale Of Scrap- 150120103- എന്ന ശീർഷകത്തിൽ 171000/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ടി വരവ് ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-18 Beneficiary Contribution - ബാധ്യതാശീർഷകത്തിൽ നിലനിൽക്കുന്നു.

Beneficiary Contribution 320800101 എന്ന ശീർഷകത്തിൽ 01.04.2019 ൽ 191356/-രൂപ മുന്നിരിപ്പുണ്ടായിരുന്നു. 20 വർഷത്തിൽ 296020/- രൂപ വരവും അതേ തുക തന്നെ ചെലവും വരുന്നു. 31.03.2020 തീയതിയിൽ 191356/- നീക്കിയിരിപ്പുണ്ട്. ടി തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-11-19 വരുമാനത്തിലേയ്ക്ക് ക്രമീകരിക്കാത്തതിനാൽ വാർഷിക കണക്കിൽ ബാധ്യതായിനത്തിൽ തുക കൂടുതലായി കാണിക്കുന്നു.

2019-20 വർഷത്തിൽ താഴെപ്പറയുന്ന ഇനങ്ങളിൽ ലേലം കൊള്ളുന്നതിന് സ്വീകരിച്ച ഇ.എം.ഡി. Bidders EMD- 34010 എന്ന ശീർഷകത്തിൽ വരവു വെച്ചിട്ടുണ്ട്.ലേല വിജയികളായ വ്യക്തികളിൽ നിന്നും ഇ.എം.ഡി. കിഴി തുകയാണ് വരവ് വെന്നിട്ടുള്ളത്. ആയതിനാൽ ഇ.എം.ഡി സ്വീകരിച്ച തുക ബാധ്യതാ ശീർഷകത്തിൽ നി

കുറവ് ചെയ്ത് വരുമാനത്തിലേയ്ക്ക് ക്രമീകരിക്കേണ്ടതായിരുന്നു. ഇങ്ങനെ ക്രമീകരിക്കാത്തതിനാൽ വാർഷി കണക്കിൽ ബാധ്യതായിനത്തിൽ തുക കൂടുതലായി കാണിക്കുന്നു.

| ഇനം | ഇ.എം.ഡി തുക | രശീത് നം / തീയതി | ലേല തുക | ബാക്കി അടച്ച സംഖ്യ | രശീത് നം / തീയതി |
|---|---|---|---|---|---|
| ആറാട്ടുപുഴ റിംഗ് ബണ്ട് റോഡ് - മണൽ | 2000/- | 119010103885 / 15.11.19 | 65000/- | 63000/- | 119010104933 / 31.03.20 |
| പഞ്ചായത്ത് കോമ്പൗണ്ട് - സ്ക്രാപ്പ് | 1000/- | 119010104967 / 19.03.20 | 16000/- | 15000/- | 119010104968 / 19.03.20 |
| ജി.യു.പി. എസ്. - സ്ക്രാപ്പ് | 500/- | 119010104127 / 09.12.19 | 3250/- | 2750/- | 119010104302 / 03.01.20 |
| | 3500/- | | | | |

2. ലേലം സ്വീകരിച്ചയാളുകളിൽ നിന്നും ലഭിച്ച ക്വട്ടേഷൻ തുക വരുമാനമായി അക്കൗണ്ട്ചെയ്യുന്നതിന് പ 3240200102 -Auction Deposit എന്ന ബാധ്യതാ ശീർഷകത്തിലാണ് വരവ് വെച്ചിട്ടുള്ളത്. തന്മൂലം വാർഷിക കണക ബാധ്യത കൂടുതലായി കാണിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രശീത് നം / തീയതി | തുക | ലേല വിജയി |
|---|---|---|
| 19010104034 / 27.11.19 | 1750/- | സോജൻ പിടിയത്ത് |
| 119010104302 / 03.01.20 | 2750/- | " |
| 119010104968 / 19.03.20 | 15000/- | മണികണ്ഠൻ |
| 119010104993 / 31.03.20 | 63000/- | വിഷ്ണുലാൽ |
| | 82500/- | |

## 1-11-20 റി കൺസിലിയേഷൻ പത്രിക- അപാകതകൾ

TDCB Own Fund- അക്കൗണ്ടിന്റെ പാസ്ബുക്ക് പ്രകാരം, 31.03.2020 ലെ ബാലൻസ് 76,88,318/- രൂപയാണ്. എന്ന റികൺസിലിയേഷൻ പത്രിക പ്രകാരം പാസ്ബുക്ക് ബാലൻസ് 76,95,989.44/- രൂപ എന്നാണ് കാണിച്ചിട്ടുള്ളത്. 27.0 തീയതിയിൽ ഇഷ്യൂ ചെയ്ത 7621/- രൂപയുടെ (ചെക്ക് നമ്പർ 008008/27.03.2020) ചെക്ക് അതേ ദിവസം തന്നെ മാറിയി എന്നാൽ റികൺസിലിയേഷൻ പത്രികയിൽ 'Cheque Issued But Not Presented' എന്നാണ് കാണിച്ചിട്ടുള്ളത്.

ii) താഴെപ്പറയുന്ന അക്കൗണ്ടുകളിൽ മിനിമം ബാലൻസില്ലാത്തതിനാൽ ബാങ്ക് ചാർജ്ജിനത്തിൽ ഒ ഈടാക്കുകയും ബാലൻസ് തുക ഇല്ലാതെയാകുകയും ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

| അക്കൗണ്ട് | ബാങ്ക് ചാർജ്ജിനത്തിൽ ഈടാക്കിയ തുക | ബാലൻസ് |
|---|---|---|
| Distress Releif A/C (A/C No.34766691006) | 2151/- | 0 |
| Literacy A/C (A/C No.37248158177) | 4720/- | 478 |

പ്രതിമാസ റികൺസിലിയേഷൻ പത്രിക തയ്യാറാക്കാത്തതിനാൽ Directly Debited By Bank എന്ന ഇനത്തിൽ വ ചെലവുകൾ അക്കൗണ്ടിന്റെ ഭാഗമാക്കാൻ സാധിക്കുകയോ ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്ത സാധിച്ചിട്ടില്ല.

iii) റി കൺസിലിയേഷൻ പത്രിക സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-12 തൊഴിൽ നികുതി അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇ നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിര തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

i) 2019-20 വർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകള ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്.ഇതിൻ പ്രകാരം ചില സ്ഥാപനങ്ങളിൽ ജ ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | മഹാരാജാ ടൈൽസ് | 8 |
| 2 | ക്വാളിറ്റി മഹാം പ്ലാസ്റ്റ്(പ്രൈ) ലിമിറ്റഡ് | 5 |
| 3 | ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റൽ | 9 |
| 4 | സൂപ്പർ ടൈൽസ് | 13 |

| | | |
|---|---|---|
| 5 | ഗോൾഡൺ ടൈൽസ് | 18 |
| 6 | ജയം ട്രാൻസ്പോർട്ട് പാർസൽ സർവ്വീസ് | 7 |
| 7 | ജയം ലോജിസ്റ്റിക്സ് | 8 |
| 8 | വൈദ്യരത്നം ഔഷധശാല സ്റ്റോറേജ് &ഡിസ്ട്രിബ്യൂഷൻ | 15 |
| 9 | സുശ്രുത ലൈഫ് സയൻസ് പ്രൈവറ്റ് ലിമിറ്റഡ് | 6 |
| 10 | ബിജു ടൈൽസ് | 5 |

പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണു ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5/19-20 തീയതി 28/06/2021) ലഭ്യമാക്കിയ മറുപടിയിൽ 2020-21 വ മുതൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വരുന്നുണ്ട് എന്ന് അറിയിച്ചിട്ടുള്ളത്.

**II)കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.**

2019-20 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ചവരിൽ നിന്ന് തൊഴിൽ നികുതി ഡി ചെയ്ത് അടവാക്കിയിട്ടില്ല. പ്രസ്തുത വിവരം കെ.എസ്.എ.ടി.എസ്.ആർ.(പി.15)-1214/2020 തീയതി 22-12-2020 നമ്പർ റിപ്പോർട്ടിലെ ഖണ്ഡിക 1-13 ൽ സൂചിപ്പിച്ചിരുന്നുവെങ്കിലും നടപടിയെടുത്തതായി കാണുന്നില്ല.

**III)** ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻകട ജീവനക്കാർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമ അഭിഭാഷകർ,മറ്റ് പ്രൊഫഷണലുകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .

അപാകതകൾ പരിഹരിച്ച് തൊഴിൽ നികുതി വരുമാനം ഉയർത്താൻ ധനകാര്യ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ലേലം അപാകതകൾ

1) ലേലം രജിസ്റ്റർ അപൂർണ്ണമായാണ് സൂക്ഷിച്ചിട്ടുള്ളത്. വല്ലച്ചിറ ജി.യു.പി സ്കൂളിന്റെ അൺഫിറ്റായ കെട്ടിടം പൊ മാറ്റുന്നത് സംബന്ധിച്ച ലേലം/പുനർലേലം , ഏഴാം വാർഡിലെ പഞ്ഞി മരം ലേലം എന്നിവയുമായി ബന്ധ വിവരങ്ങൾ ലേലം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലേലം സംബന്ധിച്ച കരാറുകൾ, ലേലവുമായി ബന്ധ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്താതെ സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല.

2) ജി.യു.പി സ്കൂളിന്റെ ലേലവുമായി ബന്ധപ്പെട്ട്, ഉപയോഗപ്രദമായ വസ്തുക്കളുടെ മൂല്യ തുകയായ 156258 ൽ ന് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് ചെലവ് വരുന്ന തുക കുറച്ചുകൊണ്ട് 20857 രൂപയാണ് വാല്യൂവേഷൻ തുക

